പാലത്തിന് 100 രൂപയേ വക കൊള്ളിച്ചിട്ടുള്ളു. സാധാരണഗതിയിൽ അങ്ങനെയാണു കൊള്ളിക്കുന്നത്. പണത്തിന്റെ ലഭ്യത അനുസരിച്ച് ആ പാലം പണിയുന്നതിനെ സംബന്ധിച്ചിടത്തോളം പ്രയോറിറ്റിയിൽ വേണ്ട നടപടികൾ സ്വീകരിക്കും. പഞ്ചായത്തിനെ സംബന്ധിച്ചുള്ള ഈ കാര്യത്തെപ്പറ്റി അന്വേഷിക്കാം. അന്വേഷിച്ചതിനുശേഷം ആ നടപ്പാത യുണ്ടാക്കുന്നതിന് റെയിൽവേ ബോർഡിൽനിന്നും പണം വാങ്ങിയിട്ടുണ്ട് എന്ന നിലയിലും ഡിപ്പോസിറ്റ് വർക്ക് എന്നുള്ള നിലയിലും വേഗം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

18. തലശ്ശേരിയിലെ പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയിലെ പോലീസുകാർ താമസിക്കാൻ ഇടമില്ലാതെ പീടിക തിണ്ണയിലും സ്റ്റേഷൻ വരാന്തയിലും കിടന്നുറങ്ങേണ്ട ദയനീയ അവസ്ഥയാണ് ഇന്നുള്ളത്. പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിച്ചെങ്കിലും കോൺട്രാക്ടർക്ക് പണം കൊടുക്കാത്തതിന്റെ പേരിൽ അതിന്റെ പ്രവൃത്തികൾ ഉപേക്ഷിച്ചു പോയിരിക്കുകയാണ്. അവിടെ ക്വാർട്ടേഴ്സ് ഇല്ലാത്തതിന്റെ പ്രയാസം അനുഭവിക്കുന്ന പോലീസുകാർ ആ പ്രതിഷേധം പ്രകടിപ്പിക്കുന്നത് ജനങ്ങളുടെ ദേഹത്ത് ലാത്തി പ്രയോഗിച്ചുകൊണ്ടാണ്. അതുകൊണ്ട് അടിയന്തിരമായും ആ പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 90 യൂണിറ്റുകളുള്ള ഒരു ഫ്ളാറ്റ് ടൈപ്പ് ക്വാർട്ടേഴ്സിന്റെ പണി സത്വരം പുരോഗമിക്കുന്നുണ്ട്. 38 ലക്ഷം രൂപ ചെലവ് വരുന്ന പ്രോജക്ടാണ് ഇത്. 9-4-1984-ൽ പണി ആരംഭിച്ചു. ഇതുവരെ 20.75 ലക്ഷം രൂപയുടെ പണി നടന്നു കഴിഞ്ഞു. ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കരാറുകാരൻ 26-5-1986 മുതൽ പണി നിറുത്തിവച്ചിരിക്കുകയാണ്. എത്രയും വേഗം പണി പുനരാരംഭിക്കും. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 4.65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പോരാതെയുണ്ടെങ്കിൽ അത് ഗവൺമെന്റ് കൊടുക്കുന്നതാണ്.

19. കാക്കത്തുരുത്തി, ഷൺമുഖം കനാലുകളുടെ തീരത്തു താമസിക്കുന്നവർക്ക് പട്ടയം കൊടുക്കൽ

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഇരിഞ്ഞാലക്കുടയിൽ കാക്കത്തുരുത്തി-ഷൺമുഖം കനാലുകളിൽ അഞ്ചുകിലോമീറ്റർ നീളത്തിൽ മുപ്പതുകൊല്ലത്തിലേറെയായി മൂവായിരത്തിൽപ്പരം പാവപ്പെട്ട കുടുംബങ്ങൾ താമസിച്ചുവരികയാണ്. അതിൽ രണ്ടായിരത്തിൽ പരം ഹരിജൻ കുടുംബങ്ങളാണ്. 300 കുടുംബങ്ങൾക്ക് ഇതിനകം പട്ടയം നൽകിയിട്ടുണ്ട്. പട്ടയം ലഭിക്കാത്തതുകൊണ്ട് സർക്കാരിന്റെ യാതൊരു ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല. മൂവായിരത്തിൽ 300 പേർക്ക് പട്ടയം കൊടുത്ത് വിവേചനം കാണിച്ചിരിക്കുകയാണ്. എല്ലാവർക്കും അടിയന്തിരമായി പട്ടയം കൊടുക്കണം. ഷൺമുഖം കനാലിൽ മലിനജലമാണ്. അവിടെ പകർച്ചവ്യാധി പടർന്നു പിടിക്കാതിരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly